LIBRARY ARCHIVES Kerala Legislative Assembly

പുതിയ മരാമത്ത് നിരക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബാധകമാക്കാൻ നടപടി

39 [2384] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പ്രവൃത്തികൾക്ക് നിലവിൽവന്ന പുതുക്കിയ നിരക്ക് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്രവൃത്തികൾക്കും ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് ബാധകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) നിരക്കുകൾ തമ്മിൽ വ്യത്യാസമുള്ളതിനാൽ ത്രിതല പഞ്ചായത്തുകളുടെ മരാമത്ത് പ്രവൃത്തികൾ സ്തംഭനത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 17-1-2005-ലെ സ.ഉ.(എം.എസ്.)15/2005/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, മരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ വന്ന പുതുക്കിയ നിരക്ക്, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പ്രവൃത്തികൾക്കും ബാധകമാക്കിയിട്ടുണ്ട്.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയുള്ള കമ്പ്യൂട്ടർ പഠന പദ്ധതി

40 [2385] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയുള്ള കമ്പ്യൂട്ടർ പഠന പദ്ധതിക്ക് 31-3-2004-ലെ ജി.ഒ. (എം.എസ്.) 40/2004/പ്ലാനിംഗ് എന്ന ഉത്തരവ് പ്രകാരം ഏതെല്ലാം കമ്പ്യൂട്ടർ സ്ഥാപനങ്ങളെ ആണ് തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങൾ സംസ്ഥാനത്ത് കമ്പ്യൂട്ടർ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുമ്പോൾ സംസ്ഥാനത്തിന് വെളിയിൽ ഉള്ളതും സഹകാര്യമേഖലയിലുള്ളതുമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുവാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടത്തുന്ന കമ്പ്യൂട്ടർ പഠന പദ്ധതികൾ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളായ സി-ഡിറ്റ്, എൻ.ഐ.എസ്., കെൽട്രോൺ, ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്നിവവഴി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന കമ്പ്യൂട്ടർ പഠന പദ്ധതിക്ക് താഴെപ്പറയുന്ന കമ്പ്യൂട്ടർ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്:

1. വിവര സാങ്കേതിക വകുപ്പിന്റെ കോഴ്സ് ഓൺ കമ്പ്യൂട്ടർ കൺസപ്റ്റ്സ് (CCC).
2. കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ കമ്പ്യൂട്ടർ അവയർനെസ്സ് പ്രോഗ്രാം (CAP).
3. സെന്റർ ഫോർ അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് എന്ന സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റ് ഇൻ ഓഫീസ് ആട്ടോമേഷൻ (C-DAC-PACE).
4. NCST എന്ന സ്ഥാപനത്തിന്റെ കോംപീറ്റൻസ് ഇൻ സോഫ്റ്റ്വെയർ ടെക്നോളജി ഇ-ലവൽ (CST-E Level).
5. NIIT യുടെ സിഫ്റ്റ് എംപ്ലോയീസ്.
6. APTECH-ന്റെ വിദ്യ.

(ബി) സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്.

(സി) 2005-2006-ൽ പുതിയ അക്രഡിറ്റേഷൻ നൽകുന്നതാണ്.

ലൈബ്രറി സെസ്സ് കുടിശ്ശിക ഈടാക്കുവാൻ നടപടി

41 [2386] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ്സ് പിരിക്കുന്നതിലും ലഭിച്ച തുക സർക്കാരിൽ അടയ്ക്കുന്നതിലും വീഴ്ച വരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly